**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1575** **28-07-2021 - ൽ മറുപടിയ്ക്ക്**

**വാക്സിനേഷനുകൾ മുടങ്ങുന്നതിന് പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ കുട്ടികളുടേതുൾപ്പടെ നിർബന്ധമായും നടക്കേണ്ട പോളിയോ വാക്സിനേഷനുൾപ്പെടെയുള്ള പ്രതിരോധ മരുന്നു കുത്തി വെപ്പുകൾ സമയ ബന്ധിതമായി നടക്കുന്നില്ല എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോവിഡ് അതിരൂക്ഷമായിരുന്ന സമയത്ത് മാത്രം രണ്ടാഴ്ചക്കാലത്തോളം കുട്ടികളുടെ നിർബന്ധിത വാക്സിനേഷൻ നിർത്തി വയ്ക്കേണ്ടി വന്നിരുന്നു. ആ കാലയളവിൽ വാക്സിൻ എടുക്കാത്ത കുട്ടികളുടെ പ്രത്യേക ലിസ്റ്റ് തയ്യാറാക്കി സ്പെഷ്യൽ ക്യാമ്പ് സംഘടിപ്പിച്ച് വാക്സിൻ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | യഥാസമയം വാക്സിനുകൾ എടുക്കാത്തതു മൂലം വാക്സിനേഷനിലൂടെ ലഭിക്കേണ്ട രോഗ പ്രതിരോധത്തിൽ കുറവുണ്ടാകുമെന്ന് കരുതുന്നുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോവിഡ് അതിരൂക്ഷമായിരുന്ന സമയത്ത് മാത്രം രണ്ടാഴ്ചക്കാലത്തോളം കുട്ടികളുടെ നിർബന്ധിത വാക്സിനേഷൻ നിർത്തി വയ്ക്കേണ്ടി വന്നിരുന്നു. ആ കാലയളവിൽ വാക്സിൻ എടുക്കാത്ത കുട്ടികളുടെ പ്രത്യേക ലിസ്റ്റ് തയ്യാറാക്കി സ്പെഷ്യൽ ക്യാമ്പ് സംഘടിപ്പിച്ച് വാക്സിൻ നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | കുട്ടികളുൾപ്പെടെ എല്ലാ വിഭാഗങ്ങളും കൃത്യമായി യഥാസമയത്തു തന്നെ വാക്സിൻ എടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രം, ഉപകേന്ദ്രം, സാമൂഹികാരോഗ്യ കേന്ദ്രം, സർക്കാർ ആശുപത്രികൾ എന്നിവ വഴി നിശ്ചിത ദിവസങ്ങളിൽ വാക്സിനേഷൻ നൽകുന്നു. ഇതു കൂടാതെ നിശ്ചിത ദിവസങ്ങളിൽ അംഗനവാടികൾ മുഖേനയും വാക്സിൻ നൽകുന്നു. ട്രൈബൽ മേഖലകളിൽ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സഹായത്തോടെ അവിടത്തെ കുട്ടികൾക്ക് വാക്സിനേഷൻ നൽകുന്നു. ഏതെങ്കിലും വാക്സിൻ എടുക്കാൻ വിട്ടുപോയ കുട്ടികൾക്ക് ഫീൽഡ് ജീവനക്കാരുടെ സഹായത്തോടെ പ്രത്യേക പരിപാടി വഴി വാക്സിൻ നൽകുന്നു. വാക്സിൻ എടുക്കുവാൻ വിമുഖത കാണിക്കുന്ന കുടുംബത്തിലെ കുട്ടികൾക്ക് വാക്സിൻ നൽകുന്നതിനായി അവരുടെ മാതാപിതാക്കൾക്ക് ബോധവൽക്കരണം നൽകുന്നു. വാക്സിനേഷൻ കുറവുള്ള ജില്ലകളിൽ 'മിഷൻ ഇന്ദ്രധനുഷ്" എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ